# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2207

18.06.2013ൽ മറുപടിക്ക്.

### എൽ.എൻ.ജി. ടെർമിനൽ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) കൊച്ചി എൽ.എൻ.ജി. പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ; | എ) Petronet LNG Ltd. എന്ന സ്ഥാപനമാണ് പുതുവൈപ്പിനിലെ LNG Terminal കമ്മീഷൻ ചെയ്യുന്നത്. 2013 ജൂലൈ മാസത്തോടുകൂടി ഇത് പ്രവർത്തനമാരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി) ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കേണ്ട എല്ലാ ജില്ലകളിലെയും ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിച്ചുകഴിഞ്ഞിട്ടുണ്ടോ; | ബി) ഇല്ല. പ്രധാനമായും രണ്ടു തരത്തിലുള്ള തർക്കങ്ങളാണ് നിലവിലുള്ളത്. ഒന്നാമതായി ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിയുടെ സ്ഥലവിലയുടേയും രണ്ടാമതായി പൈപ്പ്ലൈനിന്റെ സുരക്ഷയെകുറിച്ചുമാണ് പ്രസ്തുത തർക്കങ്ങൾ. സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ GAIL ഇതു സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുന്നു. |
| സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിയുടെ വില Petroleum & Mineral Pipeline Act പ്രകാരം കമ്പോളവിലയുടെ 10% മാണ്. വിവിധ കോണുകളിൽനിന്നുള്ള ആവശ്യം മാനിച്ച് നേരത്തെ ഇത് ഭൂമിയുടെ ന്യായവിലയുടെ മൂന്നിരട്ടി കമ്പോള വിലയായി പരിഗണിച്ച് അതിന്റെ 10% Compensation നൽകാൻ സംസ്ഥാനസർക്കാർ ഉത്തരവിറക്കിയിരുന്നു. എന്നാൽ ഇതുകൊണ്ടും ജനങ്ങൾ തൃപ്തരാവാത്തതിനാൽ, G.O.(Rt) No.3195/RD/13 dated 04.06.2013 പ്രകാരം ഇപ്പോൾ ഇത് ന്യായ വിലയുടെ അഞ്ചിരട്ടി വിപണിവിലയായി പരിഗണിച്ച് അതിന്റെ 10% Compensation ആയി നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>സുരക്ഷയെകുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുവാൻ വിവിധ Print, Electronic media കളിലൂടെയുള്ള ബോധവൽക്കരണം KSIDC - യുമായി സഹകരിച്ച് GAIL നടത്തിവരുന്നു. |

| | |
|---|---|
| ഡി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വിശദമാക്കാമോ? | ഡി) ഈ പദ്ധതി കടന്നുപോകുന്നത് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കൂടിയാണ്. ഇതിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ജനങ്ങളുടെ വ്യാപകമായ എതിർപ്പുമൂലം പദ്ധതി പ്രവർത്തനവുമായി മുന്നോട്ടുപോകുവാൻ സാധിച്ചിട്ടില്ല. ബാക്കി ജില്ലകളിൽ താരതമ്യേന ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നുണ്ടെങ്കിലും, സർക്കാരിന്റെയും രാഷ്ട്രീയ പാർട്ടികളുടേയും സഹകരണത്തിലൂടെ ഈ പദ്ധതി രണ്ടു വർഷത്തിനകം കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ